"ആംഡ് പോലീസ് ബറ്റാലിയനിലെ എസ്.ഐ. തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്"

34 (2985) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആംഡ് പോലീസ് ബറ്റാലിയനിലെ എസ്.ഐ. തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര എസ്.ഐ.മാർക്കാണ് നിയമനം നൽകിയത് ;

(സി) ഇവരുടെ പരിശീലനം ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പരിശീലനം ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിയമനം നൽകിയിട്ടുണ്ട്.

(ബി) രണ്ട് എസ്.ഐ.മാർക്ക്.

(സി) ഇവരുടെ പരിശീലനം സംബന്ധിച്ച നടപടികൾ നടന്നുവരികയാണ്. പരിശീലനം ആരംഭിക്കുന്ന തീയതി ഉടനേ തീരുമാനിക്കുന്നതാണ്.

എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനം

35 (2987) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി./യു.പി. അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ഓരോ ജില്ലകളിലും എത്രപേർക്ക് നിയമനം നൽകിയെന്നും എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ചില ജില്ലകളിൽ ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകാമോ ;

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ഒഴിവുകളിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതാണ്.

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly